## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 6927 　　　　10.07.2014 ൽ മറുപടിയ്ക്ക്

### ഹോസ്പിറ്റൽ മാനേജ്മെന്റിൽ സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം

ചോദ്യം

ശ്രീ. എ. കെ. ബാലൻ

ഉത്തരം

ശ്രീ. എ.പി. അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 31-3-2011-ലെ സർക്കാർ ഉത്തരവ് (ആർടി.)394/2011/-എസ്.സി.എസ്.റ്റി.ഡി.ഡി. പ്രകാരം ഭരണാനുമതി നൽകിയ ഹോസ്പിറ്റൽ മാനേജ്മെന്റിൽ സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം ആരംഭിക്കാനുള്ള നടപടികൾ ഇപ്പോൾ ഏതുവരെയായി എന്ന് വിശദമാക്കുമോ; | (എ) & (ബി) | സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം ഇൻ ഹോസ്പിറ്റൽ മാനേജ്മെന്റ് ട്രയിനിംഗ് സെന്റർ ആരംഭിക്കുന്നതിനായി 31-03-2011 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 394/2011/ പജ.പവ.വിവ ഉത്തരവ് പ്രകാരം KHRWS എന്ന സ്ഥാപനത്തിന് 2.99 കോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ KHRWS ന് സ്ഥാപനം തുടങ്ങുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളോ, കോഴ്സ്/കരിക്കുലം സിലബസ് എന്നിവ തയ്യാറാക്കുന്നതിന് ആവശ്യമായ വൈദഗ്ദ്യമോ ഇല്ലാത്തതിനാൽ പദ്ധതി നടപ്പാക്കുന്നതിൽ നിന്നും KHRWS പിൻമാറിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ പദ്ധതിക്കായി അനുവദിച്ച തുക തിരിച്ചടക്കാനുള്ള സർക്കാർ നിർദ്ദേശ പ്രകാരം KHRWS പ്രസ്തുത തുക പലിശസഹിതം തിരിച്ചടച്ചിട്ടുണ്ട്. |
| (ബി) | കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. എന്ന സ്ഥാപനം പദ്ധതി നടപ്പാക്കുന്നതിൽ നിന്നും പിൻമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പുതിയ ഏജൻസി ഏതാണെന്ന് വ്യക്തമാക്കുമോ; | | |
| (സി) | പുതിയ ഏജൻസി പദ്ധതി നടപ്പാക്കാനുള്ള വിശദമായ പ്രോജക്ട് തയ്യാറാക്കി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി), (ഡി) & (ഇ) | പുതിയ ഏജൻസിയെ നിശ്ചയിച്ചിട്ടില്ല. |
| (ഡി) | ആദ്യ സർക്കാർ ഉത്തരവിൽ നിന്നും വ്യത്യസ്തമായ പുതിയ കോഴ്സുകളാണോ പരിഗണിക്കുന്നതെന്ന് വ്യക്തമാക്കുമോ; | | |
| (ഇ) | എങ്കിൽ പരിഗണിക്കുന്ന പുതിയ കോഴ്സുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| (എഫ്) | ഈ സ്ഥാപനം ആരംഭിക്കുന്നതിന് സ്ഥലവും കെട്ടിടവും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കാമെന്ന് കണ്ണമ്പ്ര പഞ്ചായത്ത് രേഖാമൂലം ഉറപ്പുനൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എഫ്) | ഉണ്ട്. |
| (ജി) | പ്രസ്തുത പഞ്ചായത്തിൽ സ്ഥാപനം തുടങ്ങുന്നത് സംബന്ധിച്ച സർക്കാർ തീരുമാനവും നയവും എന്താണെന്ന് വ്യക്തമാക്കുമോ; | (ജി) & (എച്ച്) | ഇതു സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (എച്ച്) | സ്ഥാപനം തുടങ്ങാനാണ് തീരുമാനിച്ചിട്ടുള്ളതെങ്കിൽ നടന്നുവരുന്നതോ ആരംഭിക്കാനുദ്ദേശിച്ചതോ ആയ പ്രവർത്തനങ്ങളെന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | | |

Salini K.J

സെക്ഷൻ ഓഫീസർ